അനുമതിയോടെ നടത്തിയ നിയമനം എത്രയെന്നും അനുമതിയില്ലാതെ നടത്തിയ നിയമനം എത്രയെന്നും നിയമനം ലഭിച്ചവരിൽ എം.ഡി.മാർ, ഡയറക്ടർ ബോർഡ് അംഗങ്ങൾ എന്നിവരുടെ ബന്ധുക്കളും കുടുംബാംഗങ്ങളും എത്രയെന്നും വ്യക്തമാക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നടത്തിയ നിയമവിധേയമല്ലാത്ത നിയമനങ്ങൾ റദ്ദാക്കാനും വേണ്ടുന്ന സ്ഥലങ്ങളിൽ പ്രൊഫഷണലുകളെയും മാനേജ്മെന്റ് വിദഗ്ദ്ധരെയും നിയമിക്കാനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയ നിയമനങ്ങളുടെയും നിയമനം നടത്തിയ തസ്തികകളുടെയും നിയമന രീതിയുടെയും വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* കേരള സ്റ്റേറ്റ് മിനറൽ ഡവലപ്മെന്റ് കോർപ്പറേഷനിൽ ഒരു ഡയറക്ടർ ബോർഡ് അംഗത്തിന്റെ അനുജനെ താത്കാലികാടിസ്ഥാനത്തിൽ വർക്കർ ആയി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. മറ്റുള്ള കമ്പനികളിൽനിന്നും ലഭ്യമായ വിവരമനുസരിച്ച് നിയമനം ലഭിച്ചവരിൽ എം.ഡി.-യുടെയോ ഡയറക്ടർ ബോർഡ് അംഗങ്ങളുടെയോ ബന്ധുക്കളോ കുടുംബാംഗങ്ങളോ ആരുംതന്നെയില്ല.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്**

70(1607) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ 1928-ൽ സ്ഥാപിതമായ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കഴിഞ്ഞ 5 വർഷ ഭരണകാലത്തെ കെടുകാര്യസ്ഥതമൂലം നിലനില്പിന് ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) ഇപ്പോൾ കാർഷികമേഖലയിലെ കാർഷികോപകരണങ്ങളുടെ നിർമ്മാണം മാത്രം നടത്തുന്ന കമ്പനി അടച്ചു പൂട്ടേണ്ട അവസ്ഥയിലാണെന്നും ഉല്പന്ന വൈവിദ്ധ്യവല്ക്കരണം കൊണ്ടു മാത്രമേ കമ്പനിയെ രക്ഷിക്കാനാകൂ എന്ന കാര്യം തൊഴിലാളികൾ കഴിഞ്ഞ സർക്കാരിനെ അറിയിച്ചിട്ടും നടപടിയെടുക്കാതിരുന്നത് പരിശോധിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ, കമ്പനിയുടെ സ്ഥലം, മാനവശേഷി എന്നിവ ഉപയോഗപ്പെടുത്തി, കെ.എസ്.ഇ.ബി.യുടെ വിതരണ/ പ്രസരണത്തിനാവശ്യം വരുന്ന ആക്സസറീസ് നിർമ്മിച്ച് നൽകുവാൻ കഴിയുന്ന വിധത്തിൽ കെ.എസ്.ഇ. ബി -യുമായി സംയുക്ത കരാറിലേർപ്പെടുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് വർഷങ്ങളായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കാർഷിക മേഖലയിൽ വന്ന യന്ത്രവത്കരണവും ഉത്തരേന്ത്യൻ കമ്പനികളിൽനിന്ന് വിപണിയിൽ നേരിട്ടുകൊണ്ടിരിക്കുന്ന കടുത്ത മത്സരവുംമൂലം ഈ സ്ഥാപനത്തിന്റെ ഉൽപ്പന്നങ്ങൾക്ക് ആവശ്യകത കുറഞ്ഞതാണ് ഈ സ്ഥാപനത്തെ പ്രതിസന്ധിയിലാക്കാനുള്ള പ്രധാന കാരണം.

(ബി&സി) ഉൽപ്പന്ന വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി ചെറിയ ഫോർജിംഗ് ഉത്പാദിപ്പിക്കുന്നതിനായുള്ള പദ്ധതി 2013-14-ൽ അംഗീകരിച്ച് 278.47 ലക്ഷം രൂപയുടെ ധനസഹായം നൽകിയിരുന്നെങ്കിലും അതിനാവശ്യമായ ഉപകരണങ്ങളുടെ വില പ്രതീക്ഷിച്ചതിനെക്കാൾ വളരെയേറെ കൂടിയതിനാൽ ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാദ്ധ്യമല്ലാത്ത സാഹചര്യത്തിൽ ആ പദ്ധതി നടപ്പിൽ വന്നില്ല. കമ്പനിയുടെ നിലവിലെ സ്ഥിതിയും ഉത്പാദന സംവിധാനങ്ങളും കണക്കിലെടുത്ത് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**കാക്കനാട് കിൻഫ്ര പാർക്ക്**

71(1608) ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാക്കനാട് കിൻഫ്ര പാർക്കിൽ ഇലക്ട്രോണിക്സ് പാർക്ക് ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ആകെ ചെലവ് എത്രയാണെന്നും ആയതിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി യിട്ടുണ്ടെങ്കിൽ ആയതിനുള്ള നിബന്ധനകൾ വിശദമാക്കാമോ;

(ഡി) കിൻഫ്ര പാർക്കിന്റെ അധീനതയിലുള്ള സ്ഥലം സ്വകാര്യ സംരംഭകർക്ക് നൽകുന്നുണ്ടെങ്കിൽ അതിനുള്ള നിബന്ധനകൾ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly